# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4544** **13.11.2019 ലെ മറുപടി**

**ഭാരതപ്പുഴയുടെ ചെറുകാട് പ്രദേശത്ത് തീരം കെട്ടി സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.യു.ആർ.പ്രദീപ് | | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | 2019-ലെ പ്രളയത്തിൽ ചേലക്കര നിയോജക മണ്ഡലത്തിൽ തൃശ്ശൂർ ജില്ല അഡീഷണൽ ഇറിഗേഷൻ കുന്നംകുളം സെക്ഷന്റെ കീഴിൽ വരുന്ന ദേശമംഗലം ചെറുകാട് പ്രദേശത്ത് ഭാരതപ്പുഴയുടെ തീരം തകർന്ന് കൃഷി നശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭാരതപ്പുഴയുടെ ചെറുകാട് പ്രദേശത്തെ തകർന്ന തീരം സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി) ഭാരതപ്പുഴയുടെ ചെറുകാട് പ്രദേശത്തെ തകർന്ന തീരം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയും ചെയ്യുന്നു. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ ആവശ്യകതയും സ്വഭാവവും മുൻഗണനയും പരിഗണിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ